Deepika 1-10-18, P-05

# കുരുമുളകിൽ പ്രതീക്ഷയർപ്പിച്ച് കർഷകർ

## റബർ വില്പന ചുരുങ്ങി, ചുക്കു വിലയിൽ നേരിയ കുറവ്

**വിപണി വിശേഷം**

കെ.ബി. ഉദയഭാനു

മില്ലുകാർ കൊപ്ര സംഭരിക്കാൻ തയാറായാൽ നാളികേരോത്പന്നങ്ങൾക്ക് കരുത്ത് വീണ്ടെടുക്കാനാവും, എണ്ണയുടെ മാസാരംഭ ഡിമാൻഡിനെ മില്ലുകാർ ഉറ്റുനോക്കുന്നു. റബർ ഉത്പാദനത്തിൽ ഒരു ലക്ഷം ടൺ കുറയുമെന്ന് വ്യക്തമായിട്ടും ടയർ ലോബി ഷീറ്റ് വില ഇടിച്ചു. ചുക്ക് വിലയിൽ നേരിയ കുറവ്. കുരുമുളക് മുന്നേറാൻ ശ്രമം നടത്തി. സ്വർണവിലയിൽ ചാഞ്ചാട്ടം.

### നാളികേരം

വെളിച്ചെണ്ണ ഉയർന്ന വിലയ്ക്കു വിറ്റഴിക്കാൻ വൻകിട വ്യവസായികൾ ശ്രമം തുടരുകയാണ്. എന്നാൽ അവരുടെ പ്രതീക്ഷയ്ക്കൊത്തു മുന്നേറാൻ വിപണി തയാറായില്ല. കൊപ്ര സംഭരിക്കാതെ കൈവശമുള്ള വെളിച്ചെണ്ണ വില്പന നടത്താനാണ് ഏതാനും ദിവസങ്ങളായി പലരും നീക്കം നടത്തുന്നത്. നാളികേരോത്പന്നങ്ങൾക്കു കരുത്തു നേടാൻ കൊപ്രയ്ക്ക് മില്ലുകാരിൽനിന്ന് ഡിമാൻഡ് ഉയരണം. കൊപ്രയ്ക്ക് ആവശ്യക്കാർ എത്തിയാൽ അതിന് അനുസൃതമായി എണ്ണയും ചൂടുപിടിക്കും. അയൽസംസ്ഥാനങ്ങളിലെ മില്ലുകൾ സ്റ്റോക്കുള്ള എണ്ണ വിറ്റഴിക്കാനുള്ള നീക്കത്തിലാണ്. കൊപ്ര ശേഖരിച്ച് സാമ്പത്തികബാധ്യത വരുത്തിവയ്ക്കാൻ വ്യവസായികൾ താത്പര്യം കാണിച്ചില്ല. ഇത് നാളികേര കർഷകർക്ക് തിരിച്ചടിയായി.

കാങ്കയത്ത് കൊപ്രയ്ക്ക് പതിനായിരം രൂപയുടെ താങ്ങ് നഷ്ടപ്പെട്ട വേളയിൽതന്നെ വിപണി പ്രതിസന്ധിയിലാകുമെന്ന കാര്യം ദക്ഷിണേന്ത്യൻ മില്ലുകാർക്ക് വ്യക്തമായി അറിയാമായിരുന്നു. പ്രളയകെടുതികളാണ് മില്ലുകാരുടെ കണക്കുകൂട്ടൽ തെറ്റിച്ചത്. ഓണവില്പനയ്ക്കായി ആയിരക്കണക്കിന് ടൺ എണ്ണ ഒരുക്കിയ വ്യവസായികൾ സാമ്പത്തിക കുരുത്തിലാണിപ്പോൾ. കൊച്ചിയിൽ കൊപ്ര 10,010 രൂപയിലും വെളിച്ചെണ്ണ 15,000 രൂപയിലുമാണ്. ഈവാരം പ്രദേശിക വെളിച്ചെണ്ണയ്ക്ക് ഡിമാൻഡ് ഉയർന്നാൽ തളർച്ചയെ താത്കാലികമായി പിടിച്ചുനിർത്താനാവും.



### റബർ

നടപ്പു സാമ്പത്തിക വർഷം റബർ ഉത്പാദനം ഒരു ലക്ഷം ടൺ കുറയുമെന്ന വിലയിരുത്തലുകൾക്കിടയിലും ടയർ ലോബി ഷീറ്റുവില ഇടിച്ചു. 2018-19 കാലയളവിൽ ഏഴ് ലക്ഷം ടൺ റബർ ഉത്പാദനം പ്രതീക്ഷിച്ചെങ്കിലും ഓഗസ്റ്റിലെ വെള്ളപ്പൊക്കവും അതിനു ശേഷമുള്ള ഇലപൊഴിച്ചിലും മൂലം ഉത്പാദനം ആറ് ലക്ഷം ടണ്ണിൽ ഒരുങ്ങുമെന്നാണ് കണക്കാക്കുന്നത്.

വ്യവസായികൾ വിദേശറബർ ഇറക്കുമതിക്ക് താത്പര്യം കാണിക്കുന്നതിനാൽ ആഭ്യന്തര മാർക്കറ്റിൽ റബർ വില്പന ചുരുങ്ങി. നാലാം ഗ്രേഡ് ഷീറ്റ് വില 12,800 രൂപയായും അഞ്ചാം ഗ്രേഡ് 12,400 രൂപയായും താഴ്ന്നു. ടാപ്പിംഗ് രംഗം മാന്ദ്യം മൂലം ലാറ്റക്സിന് കടുത്ത ക്ഷാമം നേരിട്ടു. 9000 രൂപയിൽ വില്പന തുടങ്ങിയ ലാറ്റക്സ് 9900 വരെ ഉയർന്നു.

### കുരുമുളക്

കുരുമുളകുവിലയിൽ നേരിയ മുന്നേറ്റം. അതേസമയം, തിരക്കിട്ട് ചരക്കുസംഭരിക്കാൻ ഉത്തരേന്ത്യക്കാർ തയാറായില്ല. ലഭ്യത ചുരുങ്ങിയതിനാൽ വില ഉയരുമെന്ന നിഗമനത്തിലാണ് കാർഷിക മേഖല. ഉത്സവദിനങ്ങൾ അടുത്തതിനാൽ മുളകിന് ആഭ്യന്തര ആവശ്യം ഉയരാം. അന്താരാഷ്ട്ര മാർക്കറ്റിൽ ഇന്ത്യൻ നിരക്ക് ടണ്ണിന് 5650 ഡോളറാണ്. കൊച്ചിയിൽ ഗാർബിൾഡ് കുരുമുളക് വില 40,100 രൂപ.

### ഏലം

തുലാവർഷം ആരംഭിക്കുന്നതോടെ ഏലക്കാതോട്ടങ്ങൾ വീണ്ടും സജീവമാക്കുമെന്ന വിശ്വാസത്തിലാണ് ഉത്പാദകർ. അടുത്ത സീസണിൽ ഉത്പാദനം കുറയുമെന്ന വിലയിരുത്തലുകൾ ആഭ്യന്തര വിദേശ ഡിമാൻഡ് ഉയർത്തി. ഉത്തരേന്ത്യയിൽ ഉത്സവസീസണിന് തുടങ്ങുന്നതോടെ ഏലത്തിന് ഡിമാൻഡ് വർധിക്കും. മികച്ചയിനം ഏലക്ക വാരാവസാനം കിലോ 1550 രൂപയിലാണ്.

### ചുക്ക്

ആഭ്യന്തര ആവശ്യം കുറഞ്ഞത് ചുക്കുവില കുറയാൻ ഇടയാക്കി. ടെർമിനൽ മാർക്കറ്റിൽ ചരക്കുവരവ് കുറവാണെങ്കിലും ഡിമാൻഡ് മങ്ങിയതുമൂലം വിവിധയിനം ചുക്കിന് 500 രൂപ താഴ്ന്നു. മീഡിയം ചുക്ക് 17,000 രൂപയിലും ബെസ്റ്റ് ചുക്ക് 18,000 രൂപയിലും ഇടപാടുകൾ നടന്നു.

### സ്വർണം

സ്വർണവില കയറിയിറങ്ങി. ആഭരണകേന്ദ്രങ്ങളിൽ 22,840 ൽ വില്പന തുടങ്ങിയ പവൻ 22,960 വരെ ഉയർന്നെങ്കിലും വാരമധ്യം പൊടുന്നനെ നിരക്ക് 22,640 ലേക്ക് ഇടിഞ്ഞു. വാരാന്ത്യം പവൻ 22,760 രൂപയിലാണ്. ന്യൂയോർക്കിൽ സ്വർണവില ട്രോയ് ഔൺസിന് 1180 ഡോളർ വരെ താഴ്ന്ന ശേഷം ക്ലോസിംഗിൽ 1192 ഡോളറിലാണ്.